## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 675

04.02.2020- ൽ മറുപടിക്ക്

## നിലമ്പൂർ നിയോജകമണ്ഡലത്തിലെ കെയർ ഹോം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.വി.അൻവർ** | | **ശ്രീ.കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ കെയർ ഹോം പദ്ധതി മലപ്പുറം ജില്ലയിലെ നിലമ്പൂർ നിയോജക മണ്ഡലത്തിൽ നടപ്പാക്കുന്നു-ണ്ടോയെന്നുള്ളതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (എ) | സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ കെയർ ഹോം പദ്ധതി മലപ്പുറം ജില്ലയിലെ നിലമ്പൂർ നിയോജക മണ്ഡലത്തിൽ നടപ്പാക്കുന്നുണ്ട്. പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 12 വീടുകളാണ് നിലമ്പൂർ നിയോജക മണ്ഡലത്തിൽ നിർമ്മിച്ച് നൽകുവാൻ അനുവദിച്ചിരുന്നത്. ടി 12 വീടുകളുടേയും നിർമ്മാണം പൂർത്തീകരിച്ച് അതാത് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.<br>നിലമ്പൂർ നിയോജക മണ്ഡലത്തിലെ പോത്തുകൽ പഞ്ചായത്തിലെ ഭൂദാനം കോളനിയിൽ 2019-ലെ പ്രളയ ദുരന്തത്തിൽ സമ്പൂർണ്ണമായും വീടുകൾ നഷ്ടപ്പെട്ട 67 കുടുംബങ്ങൾക്ക് കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി വീട് നിർമ്മിച്ച് നൽകുന്നതിന് സർക്കാർ അനുമതി ആയിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നിർവ്വഹണം ഏറ്റെടുക്കുന്നതാണ്. |
| (ബി) | 2019-ലെ പ്രളയത്തെത്തുടർന്ന് നിലമ്പൂർ നിയോജക മണ്ഡലത്തിൽ കെയർ ഹോം പദ്ധതി മുഖേന വീടുകൾ നിർമ്മിച്ചു നൽകണമെന്ന് അഭ്യർത്ഥിച്ച് സഹകരണ വകുപ്പ് മന്ത്രിക്ക് 2019 സെപ്റ്റംബർ മാസത്തിൽ നിലമ്പൂർ എം.എൽ.എ. കത്ത് നൽകിയിരുന്നോയെന്നും, | (ബി) | 2019-ലെ പ്രളയദുരന്തത്തെ തുടർന്ന് വീട് നഷ്ടപ്പെട്ടവർക്ക് നിലമ്പൂർ മണ്ഡലത്തിൽ വീടുകൾ നിർമ്മിച്ചു നൽകണമെന്ന് അഭ്യർത്ഥിച്ച് നിലമ്പൂർ എം.എൽ.എ നൽകിയ കത്ത് ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിക്ക് ലഭിച്ചിട്ടുണ്ട്. സഹകരണ വകുപ്പ് പ്രകാരം വീട് നിർമ്മിച്ച് നൽകുവാൻ നിർദ്ദേശം നൽകണമെന്നും ജില്ലയിലെ സംഘങ്ങളുടെ പൊതുനന്മഫണ്ട് ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതിന് അനുമതി നൽകണമെന്നും അഭ്യർത്ഥിച്ചിരുന്നു. |

| | | | |
|---|---|---|---|
| | കത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ; | | കെയർ ഹോം രണ്ടാം ഘട്ടത്തിന്റെ ഭാഗമായി മലപ്പുറം ജില്ലയിലെ വീട് നിർമ്മാണം ഏറ്റെടുക്കുന്നതിന് അനുമതിയായിട്ടുണ്ട്. |
| (സി) | കെയർ ഹോം പദ്ധതിയുടെ നിർവ്വഹണം എങ്ങനെയാണ് നടത്തുകയെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ ആരാണെന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കയാണെന്നും വ്യക്തമാക്കാമോ; | (സി) യും (ഡി) യും (ഇ)യും | സഹകരണവകുപ്പ് നടപ്പാക്കുന്ന കെയർ ഹോം പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ നിർവ്വഹണ രീതി ഉൾപ്പെടെയുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ നടപടി ക്രമങ്ങളെക്കുറിച്ച് ആസൂത്രണം ചെയ്ത് വരുകയാണ്.<br>റവന്യൂ വകുപ്പിലൂടെ ജില്ലാ കളക്ടർമാർ ലഭ്യമാക്കുന്ന പട്ടികയിൽ നിന്നാണ് കെയർ ഹോം പദ്ധതിയുടെ ഗുണഭോക്താക്കളെ നിശ്ചയിക്കുന്നത്.<br>സംസ്ഥാനതല നിർവ്വഹണ സമിതി (പി.ഐ.യു) അംഗീകരിച്ച് നൽകുന്ന സഹകരണ സ്ഥാപനങ്ങളിലൂടെയാണ് പദ്ധതി നിർവ്വഹണം നടത്തുന്നത്. നിർമ്മാണത്തിൽ സുതാര്യതയും, ജനകീയ പങ്കാളിത്തവും ഉറപ്പ് വരുത്തുന്നതിനായി ഗുണഭോക്തൃ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം ഏറ്റെടുത്ത് നടത്തുന്ന സഹകരണ സംഘത്തിന്റെ പ്രസിഡന്റ്, സെക്രട്ടറി, ഒരു ഭരണ സമിതി അംഗം, ഗുണഭോക്താവ്, ബന്ധപ്പെട്ട പഞ്ചായത്തിന്റെ പ്രതിനിധി, ജില്ലാ കളക്ടറുടെ പ്രതിനിധി എന്നിവർ ടി കമ്മിറ്റിയിൽ അംഗങ്ങളാണ്.<br>കെയർ ഹോം പദ്ധതി പ്രകാരം വീടുകൾ നിർമ്മിച്ച് നൽകുന്നതിനായി ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ, വീടിന്റെ നിർമ്മാണം ഏറ്റെടുത്ത് നടപ്പിൽ വരുത്തുന്ന സഹകരണ സംഘം, ഗുണഭോക്താവ് എന്നിവർ ചേർന്ന് ജില്ലാ സഹകരണ ജോയിന്റ് രജിസ്ട്രാർ, ഡെപ്യൂട്ടികളക്ടർ (ഡിസാസ്റ്റർ മാനേജ് മെന്റ്) എന്നിവരെ സാക്ഷികളാക്കി നിർമ്മാണ ധാരണാപത്രം (MoU) ഒപ്പ് വയ്ക്കേണ്ടതാണ്. ധാരണാ പത്രത്തിന്റെ കരട് സർക്കാർ പ്രത്യേകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ഡി) | കെയർ ഹോം പദ്ധതി നടപ്പാക്കുമ്പോൾ സ്ഥലം എം.എൽ.എ, തദ്ദേശസ്വയംഭരണ ജനപ്രതിനിധികൾ എന്നിവരുമായി ആശയവിനിമയം നടത്താറുണ്ടോയെന്ന് വ്യക്തമാക്കാമോ; | | |
| (ഇ) | കെയർ ഹോം പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് ജന പ്രതിനിധികളെ അറിയിക്കാതിരുന്നതിന്റെ ഉത്തരവാദിത്തം ആർക്കാണെന്ന് വിശദമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | ഭവന നിർമ്മാണത്തിന് ആവശ്യമായ നിർമ്മാണ സാമഗ്രികൾ വാങ്ങുന്നതിന് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് യഥാവിധി ചെയ്യേണ്ടതിന്റെ ചുമതല പൂർണ്ണമായും ഗുണഭോക്താവിൽ നിക്ഷിപ്തമാണ്. പദ്ധതി നടപ്പാക്കുന്നതിന്റെ നേരിട്ടുള്ള മേൽനോട്ടം വഹിക്കുന്നത് ജില്ലാ കളക്ടർ, സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ, ജോയിന്റ് ഡയറക്ടർ (ആഡിറ്റ്), പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പ്രാഥമിക സംഘങ്ങളുടെ 2 പ്രതിനിധികൾ തുടങ്ങിയവർ ഉൾപ്പെടുന്ന ജില്ലാതല നിർവ്വഹണ സമിതിയാണ്. പദ്ധതി നിർവ്വഹണം മാത്രമെ സഹകരണ വകുപ്പ് ഏറ്റെടുത്തിട്ടുള്ളൂ. ഗുണഭോക്താക്കളെ നിശ്ചയിക്കുന്നത് ജില്ലാ ഭരണകൂടമാണ്. |

**സെക്ഷൻ ഓഫീസർ**